"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീമതി.ദീപ എൽ.എസ്-ന്റെ തിരുവനന്തപുരം വികസന അതോറിറ്റിയിലെ സെക്രട്ടറി തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2973/2022/LSGD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-
1. 15.09.2021 തീയതിയിലെ സ.ഉ.(സാധാ) നം.1760/2021 /തസ്വഭവ.
2. ശ്രീമതി.ദീപ .എൽ .എസ് -ന്റെ 17,10.2022 -ലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 28.10.2022- ലെ DUA/9599/2022-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമിതയായ ശ്രീമതി ദീപ.എൽ.എസ്-ന്റെ അന്യത്രസേവനകാലാവധി 17/09/2022-ന് അവസാനിക്കുന്നതിനാൽ ടിയാളുടെ അന്യത്രസേവനകാലാവധി 18/09/2022- മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ട്രിഡ ചെയർമാൻ അഭ്യർത്ഥിച്ചു. നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാളുടെ അന്യത്ര സേവന കാലാവധി ദിർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ശിപാർശ ചെയ്തു ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ , തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ജോയിന്റ് ഡയറക്ടർ ശ്രീമതി. ദീപ എൽ.എസ്-ന്റെ അന്യത്രസേവനകാലാവധി നിലവിലുള്ള അന്യത്ര സേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 18/09/2022-മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും

കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ, തിരുവനന്തപുരം വികസന അതോറിറ്റി.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള,തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.ദീപ എൽ.എസ്, ജോയിന്റ് ഡയറക്ടർ (നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 02-12-2022 11:25:04
സെക്ഷൻ ഓഫീസർ